**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1183** **29-06-2026-ൽ മറുപടിയ്ക്ക്**

**കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എൻ. ശക്തൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** കേരളത്തിന്റെ പരമ്പരാഗത കലാരൂപങ്ങളായ കഥകളി, കൂടിയാട്ടം, തെയ്യം, മോഹിനിയാട്ടം തുടങ്ങിയവ യുവതലമുറയിലേക്ക് എത്തിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി:**

| |
|---|
| കേരളത്തിന്റെ പരമ്പരാഗത കലാരൂപങ്ങളായ കഥകളി, കൂടിയാട്ടം, തെയ്യം, മോഹിനിയാട്ടം തുടങ്ങിയവ യുവ തലമുറയിലേക്ക് എത്തിക്കാൻ സാംസ്കാരിക വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ആവിഷ്കരിച്ച നടപ്പാക്കി വരുന്ന പദ്ധതിയാണ് ആയിരം യുവ കലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന കലാകാരന്മാർ കേരളത്തിലെ ബ്ലോക്ക്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷൻ എന്നിവിടങ്ങളിലെ വിവിധ സെന്ററുകളിൽ കലാ പരിശീലനം നൽകിവരുന്നു. പ്രായഭേദമെന്യേ ആർക്കും കലാപഠനത്തിൽ പങ്കാളിയാകാവുന്നതാണ്. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട കലാകാരർക്ക് രണ്ട് വർഷ കാലയളവിലേക്ക് പ്രതിമാസം സാംസ്കാരിക വകുപ്പ് 10000/- രൂപയും തദ്ദേശ സ്വയംഭരണ വകുപ്പ് 7500/- രൂപയും ഫെല്ലോഷിപ്പായി നൽകി വരുന്നു. |

**(ബി)** കലാകാരന്മാർക്കും എഴുത്തുകാർക്കും ലഭിക്കുന്ന ക്ഷേമ പദ്ധതികളും പെൻഷൻ ആനുകൂല്യങ്ങളും കൂടുതൽ ഫലപ്രദമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

**മറുപടി:** നിലവിൽ അറുപത് വയസ്സിനു മുകളിലുള്ള സാംസ്കാരിക പ്രവർത്തകരെ സഹായിക്കുന്നതിനായി കലാകാര പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം അർഹരായ കലാകാരന്മാർക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ പ്രതിമാസ പെൻഷൻ 2000/- രൂപ വീതം അനുവദിച്ചു വരുന്നു. കൂടാതെ കലാകാരർക്ക് അർഹതാനുസരണം ചികിത്സാ ധന സഹായം, പ്രശസ്തരായ കലാകാരന്മാരുടെ വിധവകൾക്കും ആശ്രിതർക്കും ആശ്രിത പെൻഷൻ എന്നിവയും നൽകി വരുന്നു.

**(സി)** സംസ്ഥാനത്തെ സാംസ്കാരിക പൈതൃക കേന്ദ്രങ്ങളും ചരിത്ര സ്മാരകങ്ങളും സംരക്ഷിക്കുന്നതിനായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ടി പദ്ധതികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച ചർച്ചകൾ സർക്കാർ തലത്തിൽ നടന്നു വരികയാണ്.

**സെക്ഷൻ ഓഫീസർ**